പത്രക്കുറിപ്പ്

# നിയമസഭ തെരഞ്ഞെടുപ്പ് സുരക്ഷ: നഗരത്തിൽ പരിശോധന

## യുവാവിനെ തട്ടിക്കൊണ്ടു പോയി കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തിലെ രണ്ടു പേർ പിടിയിൽ

## ഹോട്ടൽ ആക്രമിച്ച് ജീവനക്കാരനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിലെ ഒരു പ്രതി കൂടി പിടിയിൽ

തിരുവനന്തപുരം:- നിയമസഭ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ചുള്ള സുരക്ഷാ ക്രമീരണങ്ങളുടെ ഭാഗമായി തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ് എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് പോലീസ് വ്യാപകമായ പരിശോധന നടത്തിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. സ്ഫോടക വസ്തുക്കൾ, മയക്കുമരുന്ന്, അനധികൃത മദ്യം തുടങ്ങിയവ കണ്ടെത്തുന്നതിനായാണ് പരിശോധന നടത്തിയത്. ഡെപ്യൂട്ടി കമ്മീഷണർ



ഡോ.വൈഭവ് സക്സേനയുടെ നേതൃത്വത്തിൽ സിറ്റി നാർക്കോട്ടിക് സെൽ, ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡാൻസാഫ്) ടീം, ബോംബ് സ്ക്വാഡ്, കെ-9 ഡോഗ് സ്ക്വാഡ് എന്നീ വിഭാഗങ്ങൾ സംയുക്തമായാണ് തമ്പാനൂർ റെയിൽവേ സ്റ്റേഷനിലും ബസ് സ്റ്റാന്റിലുമുള്ള കടകളിലും യാത്രക്കാരുടെ ലഗേജുകളും മറ്റു പാർസൽ ബോക്സുകളും പരിശോധിച്ചത് മയക്കുമരുന്നുകളും സ്ഫോടക വസ്തുക്കളും കണ്ടെത്തുന്നതിൽ പ്രത്യേക പരിശീലനം ലഭിച്ച പോലീസ് നായ്ക്കളുടെ സേവനം പ്രയോജനപ്പെടുത്തിയായിരുന്നു പരിശോധന. വരും ദിവസങ്ങളിലും ഇത്തരത്തിലുള്ള പരിശോധനകൾ തുടരുമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

**യുവാവിനെ തട്ടിക്കൊണ്ടു പോയി കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തിലെ രണ്ടു പേർ പിടിയിൽ**

തിരുവനന്തപുരം:- യുവാവിനെ തട്ടിക്കൊണ്ടുപോയി ക്രൂരമായി മർദ്ദിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തിലെ രണ്ടുപേരെ പോലീസ് അറസ്റ്റു ചെയ്തതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ബീമാപള്ളി ഈസ്റ്റ് വാർഡിൽ വേപ്പിൻമൂട് ജോർജിന ഹൗസിൽ



ബൈജു റ്റൈറ്റസ് (39), ചെറിയതുറ ഫിഷർമെൻ കോളനിയിൽ പൊട്ടൻ അനി എന്നു വിളിക്കുന്ന അനി(35) എന്നിവരെയാണ് വഞ്ചിയൂർ പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ നവംബർ 30– നാണ് സംഭവം നടന്നത് ബീമാപള്ളി വയ്യാമൂല സ്വദേശി ഫൈസലിനെ, ഇപ്പോൾ അറസ്റ്റിലായ പ്രതികൾ ഉൾപ്പെട്ട നാലംഗ സംഘം രാത്രി ഏഴര മണിയോടെ ഈഞ്ചയ്ക്കലിൽ നിന്നും ബലമായി കാറിൽ കയറ്റിക്കൊണ്ടുപോയി കാറിൽ വച്ചും ബീമാപള്ളി സ്വീവേജ് ഫാമിനു സമീപം വച്ചും ക്രൂരമായി മർദ്ദിച്ചും തടിക്കഷ്ണം കൊണ്ട് തലയിലും ചെവിയുടെ ഭാഗത്തും അടിച്ചും കൊലപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു. ഫേസ് ബുക്കിലൂടെ അസഭ്യം പറഞ്ഞതിലുള്ള വിരോധത്തിലാണ് ആക്രമണം നടത്തിയത്. സംഭവത്തിനു ശേഷം ഒളിവിൽ പോയ പ്രതികളിൽ ഒരാളായ അഭിനന്ദ് (21)–നെ പോലീസ് നേരത്തെ പിടികൂടിയിരുന്നു. വഞ്ചിയൂർ എസ്. എച്ച്.ഒ രഗീഷ് കുമാർ, എസ്. ഐ പ്രജീഷ് കുമാർ, എ. എസ്.ഐ അനിൽകുമാർ, സി.പി.ഒ മാരായ ശിവ പ്രസാദ്, നവീൻ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. ഈ കേസിൽ ഇനി പിടികിട്ടാനുള്ള ഒളിവിൽ കഴിയുന്ന പ്രതി ധനുഷിനെ പിടികൂടാനുള്ള അന്വേഷണം ഊർജിതമാക്കിയതായി ശംഖുമുഖം അസി.കമ്മീഷണർ നിസാർ അറിയിച്ചു. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

## ഹോട്ടൽ ആക്രമിച്ച് ജീവനക്കാരനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിലെ ഒരു പ്രതി കൂടി പിടിയിൽ

തിരുവനന്തപുരം:– വിഴിഞ്ഞം വെങ്ങാനൂർ അമരിവിള ജംഗ്ഷന് സമീപം ഹോട്ടൽ അടിച്ച് തകർത്ത് ജീവനക്കാരനെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച

കേസ്സിലെ ഒരു പ്രതിയെ കൂടി പോലീസ് പിടികൂടിയതായി ഐ.ജി.പി–യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വെങ്ങാനൂർ വെണ്ണിയൂർ അമരിവിള മേക്കരിക് വീട്ടിൽ സുരേഷ് എന്ന് വിളിക്കുന്ന സുബിൻ (26), നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ഡിസംബർ 31–ന് ഉച്ചയ്ക്കാണ് സുബിൻ ഉൾപ്പെട്ട അഞ്ചംഗ സംഘം ഹോട്ടലിലെ അടുക്കള ഭാഗത്ത് അതിക്രമിച്ച് കയറി ഇലക്ട്രിക്കൽ ഉപകരണങ്ങളും ഫർണിച്ചറുകളും അടിച്ച് നശിപ്പിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ഹോട്ടൽ ജീവനക്കാരനെ മാരകായുധങ്ങൾ ഉപയോഗിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തത്. ഹോട്ടലിൽ നിന്നും വാങ്ങിയ കറിയ്ക്ക് രുചി കുറവാണെന്ന് പറഞ്ഞ് ഉണ്ടായ തർക്കമാണ് ആക്രമണത്തിൽ കലാശിച്ചത്. സംഭവത്തിന് ശേഷം ഒളിവിൽ പോയ സംഘത്തിലെ മൂന്ന് പ്രതികളെ പോലീസ് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. പ്രദേശത്ത് നിരന്തരമായി സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരാണിവർ. ശേഷിക്കുന്ന ഒരു പ്രതിയെ പിടികൂടുന്നതിനായി അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്. വിഴിഞ്ഞം എസ്.എച്ച്.ഒ ജി. രമേശ്, എസ്.ഐ–മാരായ രാജേഷ്കുമാർ, ബാലകൃഷ്ണൻ ആചാരി, സി പി ഓ മാരായ സഞ്ജു, കൃഷ്ണകുമാർ, അജികുമാർ



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത
സുബിൻ (26)

എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

തിരുവനന്തപുരം സിറ്റി
03-03-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി